# The Heavenly Light Ministry

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം

എന്തുസന്തോഷമാം പുതുജീവിതം
സന്താപമേറുമീ ലോകെ ഞാനാകിലും
സാന്ത്വനം തരും ശുഭം - എന്താനന്ദം

1. ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം
വിശ്വാസ കാൽചുവടിലത്രേ
തന്നീടുന്നെ സ്വർഗ്ഗഭാണ്ഡാരത്തിൽ നിന്നും
ഒന്നിനും മുട്ടില്ലാത്തവണ്ണം
ആശയ്ക്കെതിരായ് ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം (എന്താനന്ദം)

2. ആരു വെറുത്താലും ആരു ചെറുത്താലും
കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ (എന്താനന്ദം)

3. ആരു സഹായിക്കും ആരു സംരക്ഷിക്കും
എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായി കിടന്നാലും
ചാരും ഞാനെശുവിന്റെ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം
തൊട്ടു സുഖപ്പെടുത്തും (എന്താനന്ദം)

4. ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ
ക്രിസ്തനെ വിട്ടുപോയിടുമോ
സുസ്ഥിരമല്ലാത്ത ലോകസ്നേഹത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ
നിത്യാനന്ദം ലബ്ധമേ - (എന്താനന്ദം)